# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 21.06.2024** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1) യോഗ ജീവിതശൈലിയുടെ ഭാഗമാക്കിയവരുടെ എണ്ണം ലോകമൊട്ടാകെ വർദ്ധിച്ചു വരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പത്താമത് അന്താരാഷ്ട്ര യോഗാ ദിനാചരണത്തിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി ശ്രീനഗറിൽ നിർവഹിച്ചു.

**Number of people practicing Yoga is growing worldwide, says Prime Minister Narendra Modi. PM led the 10th International Day of Yoga event held at Srinagar today.**

2) യോഗാദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തും വിപുലമായ പരിപാടികൾ. പതിനായിരം ആയുഷ് യോഗ ക്ലബ്ബുകൾ കൂടി കേരളത്തിൽ ഈ വർഷം ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ്.

**Yoga Day is being celebrated across Kerala today. 10,000 Ayush Yoga Clubs will be started in the state this year, says Kerala Health Minister Veena George.**

3) കേന്ദ്ര ബജറ്റിന് മുന്നോടിയായി ധനമന്ത്രി നിർമല സീതാരാമൻ കർഷക സംഘടനകളുടെ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

**Finance Minister Nirmala Sitharaman today held pre-Budget consultation with representatives from farmer associations and agriculture economists in New Delhi ahead of the forthcoming General Budget.**

4) തമിഴ്നാട് കള്ളക്കുറിച്ചി വിഷ മദ്യ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 47 പിന്നിട്ടു.

**In Kallakurichi hooch tragedy, 47 people have died and 118 persons are under treatment at various hospitals**

5) കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യത.
മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

**IMD predicts very heavy rainfall in Kerala. Orange alert issued in Malappuram, Kozhikode and Kannur districts.**

6) ടി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇംഗ്ലണ്ട് ദക്ഷിണാഫ്രിക്കയെ നേരിടും.

**In T-20 Cricket World Cup England will take on South Africa today**

**************************************

## PM YOGA

യോഗ ജീവിതശൈലിയുടെ ഭാഗമാക്കിയവരുടെ എണ്ണം ലോകമൊട്ടാകെ വർദ്ധിച്ചു വരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പത്താമത് അന്താരാഷ്ട്ര യോഗാ ദിനാചരണത്തിൻറെ ഉദ്ഘാടനം ശ്രീനഗറിൽ നിർവഹിക്കുകയായിരുന്നു പ്രധാനമന്ത്രി. ഷേർ-ഇ കാശ്മീർ കോൺഫറൻസ് സെൻററിൽ നടന്ന പരിപാടിയിൽ ജമ്മു കശ്മീർ ലെഫ്റ്റനൻറ് ഗവർണർ മനോജ് സിൻഹ, കേന്ദ്രമന്ത്രി പ്രതാപ് റാവു ഗൺപത് റാവു ജാദവ് തുടങ്ങി നിരവധി പ്രമുഖർ പ്രധാനമന്ത്രിയ്ക്കൊപ്പം പങ്കെടുത്തു. ശാരീരികവും, മാനസികവും, ആത്മീയവുമായ വളർച്ചയ്ക്ക് യോഗ നൽകുന്ന സംഭാവനകളെക്കുറിച്ച് ശ്രീ മോദി ചടങ്ങിൽ പറഞ്ഞു. യോഗയെക്കുറിച്ച് ലോകനേതാക്കളെല്ലാം തന്നെ ഇക്കാലത്ത് ചർച്ച ചെയ്യുന്നതായും, യൂറോപ്യൻ രാജ്യങ്ങൾക്ക് പുറമേ തുർക്ക്മെനിസ്ഥാൻ, സൗദി അറേബ്യ, മംഗോളിയ തുടങ്ങിയ രാജ്യങ്ങളിലും യോഗയുടെ പ്രചാരം വർദ്ധിച്ചു വരുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി. യോഗ അടിസ്ഥാനമാക്കിയുള്ള വിനോദസഞ്ചാര സാധ്യതകളെക്കുറിച്ച് പരാമർശിച്ച പ്രധാനമന്ത്രി

യോഗ പഠനത്തിനായി നിരവധിപ്പേർ ഇന്ത്യയിലേക്ക് എത്താൻ താത്പര്യം കാണിക്കുന്നതായും പറഞ്ഞു. യുവജനങ്ങൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ യോഗയുടെ വർദ്ധിച്ചുവരുന്ന സ്വീകാര്യത സഹായകരമാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

യോഗ വ്യക്തിയ്ക്കും, സമൂഹത്തിനും എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് പത്താമത് അന്താരാഷ്ട്ര യോഗാ ദിനം ആഘോഷിക്കുന്നത്. രാജ്യമെമ്പാടും വിപുലമായ പരിപാടികളാണ് ദിനാചരണത്തിൻറെ ഭാഗമായി ഇന്ന് നടക്കുന്നത്. ഇന്ത്യൻ എംബസ്സികളുടെ നേതൃത്വത്തിൽ വിവിധ വിദേശരാജ്യങ്ങളിലും യോഗാ ദിനാചരണം സംഘടിപ്പിച്ചിട്ടുണ്ട്.

**************************************

## PREZ- YOGA DAY

പത്താമത് അന്താരാഷ്ട്ര യോഗാദിനത്തിൽ ജനങ്ങൾക്ക് ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഇന്ത്യ ലോകത്തിന് നൽകിയ അനന്യ സമ്മാനമാണ് യോഗയെന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. ജീവിത ശൈലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൂടിവരുന്ന ഇക്കാലത്ത്, യോഗ വളരെ പ്രധാനമായി മാറിയിരിക്കുന്നതായും ശ്രീമതി മുർമു പറഞ്ഞു. ശാരീരികവും മാനസികവും ആത്മീയവുമായ സൗഖ്യത്തിന് യോഗ മാർഗ്ഗമൊരുക്കുന്നതായും, എല്ലാവരും യോഗയെ ജീവിതശൈലിയുടെ ഭാഗമാക്കണമെന്നും രാഷ്ട്രപതി ആഹ്വാനം ചെയ്തു.

**************************************

## LS-YOGA DAY

അന്താരാഷ്ട്രയോഗാ ദിനാചരണത്തിൻറെ ഭാഗമായി ന്യൂഡൽഹിയിലെ പാർലമെൻറ് സമുച്ചയത്തിൽ യോഗാഭ്യാസ

പരിപാടികൾ സംഘടിപ്പിച്ചു. മുൻ ലോക്സഭാ സ്പീക്കർ ഓം ബിർളയുടെ നേതൃത്വത്തിലാണ് പരിപാടി നടന്നത്. യോഗയുടെ ആഗോള സ്വീകാര്യത ചൂണ്ടിക്കാട്ടിയ അദ്ദേഹം, സാംസ്കാരികവും മതപരവുമായ അതിരുകൾക്ക് അതീതമാണ് യോഗയെന്നും അഭിപ്രായപ്പെട്ടു.

**************************************

## YOGA –KERALA

കേരളത്തിൽ ആയുഷ് വകുപ്പിൻറെയും നാഷണൽ ആയുഷ് മിഷൻ കേരളയുടെയും ആഭിമുഖ്യത്തിൽ നടന്ന അന്താരാഷ്ട്ര യോഗ ദിനാചരണം മന്ത്രി വീണാ ജോർജ് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്തു. പതിനായിരം ആയുഷ് യോഗ ക്ലബ്ബുകൾ കൂടി കേരളത്തിൽ ഈ വർഷം പുതുതായി ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു. ഇവയിൽ നല്ലൊരു ശതമാനം വനിതാ യോഗ ക്ലബ്ബുകൾ ആയിരിക്കും. രണ്ടര ലക്ഷം പേർക്ക് യോഗ അഭ്യസിക്കാൻ ഇതിലൂടെ സാധിക്കുമെന്നും, സമൂഹത്തിൽ ഇത് ആരോഗ്യകരമായ മാറ്റം സൃഷ്ടിക്കുമെന്നും മന്ത്രി വ്യക്തമാക്കി. കേന്ദ്ര ടൂറിസം മന്ത്രാലയം കോവളത്തെ,

കേരള ആർട്ട് ആൻ്റ് ക്രാഫ്റ്റ്സ് വില്ലേജിൽ സംഘടിപ്പിച്ച യോഗാഭ്യാസ പരിപാടി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. ലോകത്തിന് യോഗ എന്ന മഹത്തായ അറിവ് നല്കിയത് ഇന്ത്യയാണെന്നും വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് യോഗ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആരോഗ്യ വിനോദസഞ്ചാരമേഖലയിൽ നിർണായക സംഭാവനകൾ നൽകാൻ യോഗയ്ക്ക് സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും യോഗാദിനത്തോടനുബന്ധിച്ച് ഇന്ന് നിരവധി പരിപാടികൾ നടക്കുന്നുണ്ട്. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ്

കമ്യൂണിക്കേഷൻറെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ഇന്ന് യോഗദിന പരിപാടികൾ സംഘടിപ്പിച്ചു.

**************************************

## YOGA – RAJBHAVAN

രാജ്യാന്തര യോഗ ദിനാഘോഷത്തിൻറെ ഭാഗമായി

കേരള രാജ് ഭവനിൽ നടന്ന യോഗ പരിപാടി ഗവർണറുടെ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ ദേവേന്ദ്രകുമാർ ധോദാവത് നയിച്ചു. ഇഷ ഫൗണ്ടേഷൻറെ ആഭിമുഖ്യത്തിൽ ആണ് രാജ് ഭവനിൽ യോഗ സെഷൻ നടന്നത്.

**************************************

## YOGA – STATES

വയനാട് സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണികേഷൻറെ നേതൃത്വത്തിൽ നടന്ന യോഗദിന പരിപാടി മാനന്തവാടി മുനിസിപ്പൽ ചെയർ പെഴസൺ സി. കെ. രത്നവല്ലി ഉദ്ഘാടനം ചെയ്തു. ഇരുനൂറോളം വിദ്യാർത്ഥികളും പൊതുജനങ്ങളും പരിപാടിയിൽ പങ്കെടുത്തു. കണ്ണൂർ സി.ബി.സി ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച യോഗാ ദിനപരിപാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് റോബർട്ട് ജോർജ് ഉദ്ഘാടനം ചെയ്തു.

**************************************

## FM– PRE BUDGET MEET

കേന്ദ്ര ബജറ്റിന് മുന്നോടിയായി ധനമന്ത്രി നിർമല സീതാരാമൻ കർഷക സംഘടനകളുടെ പ്രതിനിധികളുമായും, കാർഷിക സമ്പദ്ഘടനാ വിദഗ്ധരുമായും കൂടിക്കാഴ്ച നടത്തി.

ന്യൂഡൽഹിയിൽ നടന്ന യോഗത്തിൽ കേന്ദ്ര ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി, ഫിനാൻസ് സെക്രട്ടറി ടി.വി സോമനാഥൻ, മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് വി. അനന്ത നാഗേശ്വരൻ തുടങ്ങിയവർ പങ്കെടുത്തു. ബജറ്റിന് മുന്നോടിയായി വ്യവസായ മേഖലയിലെയും, മൂലധന നിക്ഷേപ മേഖലയിലെയും വിദഗ്ധരുമായി ശ്രീമതി സീതാരാമൻ മുൻപ് കൂടിക്കാഴ്ച നടത്തിയിരുന്നു.

***************************************

## CM –NIYAMASABHA

തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാര മേഖലയിലെ നിർമ്മാണങ്ങൾക്ക് അനുമതി ലഭിക്കുന്നതനുസരിച്ച് ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

നിയമസഭയിൽ ചോദ്യോത്തര വേളയിൽ മറുപടി നൽകുകയായിരുന്നു മുഖ്യമന്ത്രി. അവയവക്കടത്തുമായി ബന്ധപ്പെട്ട കേസുകളിൽ പോലീസ് അന്വേഷണം പുരോഗമിക്കുന്നതായും മുഖ്യമന്ത്രി അറിയിച്ചു.

***************************************

## NIYAMASABHA –QN.HOUR

സംസ്ഥാനത്ത് അവയവ ദാനവുമായി ബന്ധപ്പെട്ട് ശക്തമായ നിരീക്ഷണം നടത്തി വരുന്നുവെന്ന് മന്ത്രി വീണ ജോർജ് നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു. അവയവദാനത്തിൽ ഇടനിലക്കാരെ സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടില്ല. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയെങ്കിലും ഇതുവരെ പിഴവ് കണ്ടെത്തിയിട്ടില്ല. ഇടനിലക്കാരെ സംബന്ധിച്ച് വ്യക്തികൾ തുറന്നു പറയാത്തതുകാരണം നിയമനടപടിക്ക് ബുദ്ധിമുട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

************************************

## KALLAKURICHI–KILLED

തമിഴ്നാട്ടിലെ കള്ളക്കുറിച്ചിയിലുണ്ടായ മദ്യ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 47 ആയി. 118 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. ഇതിൽ 6 പേരുടെ നില ഗുരുതരമാണ്. അതേസമയം മദ്യ ദുരന്തത്തിൽ അറസ്റ്റിലായ നാലുപേരെയും കോടതി 15 ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു.

************************************

## THRISSUR - DEATH

തൃശൂർ ആകാശവാണിയിൽ സ്റ്റാഫ് ഡ്രൈവർ ആയിരുന്ന തൊകലത്ത് അന്തോണി ആന്റണി നിര്യാതനായി. 79 വയസ്സായിരുന്നു. സംസ്കാര ചടങ്ങുകൾ ഇന്ന് വൈകീട്ട് 3.30 ന് പഴുവിൽ സെന്റ് ആന്റണീസ് ദേവാലയത്തിൽ നടക്കും.

************************************

## COAL BLOCK AUCTION

വാണിജ്യാടിസ്ഥാനത്തിലുള്ള കൽക്കരി ബ്ലോക്കുകളുടെ പത്താം റൗണ്ട് ലേലത്തിന് ഇന്ന് തുടക്കം. ബീഹാർ, ഛത്തീസ്ഗഡ്, മഹാരാഷ്ട്ര, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലെ 60 കൽക്കരി ബ്ലോക്കുകളാണ് ഇത്തവണ ലേലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവ പ്രാദേശിക സാമ്പത്തിക വികസനത്തിന് സഹായിക്കുമെന്നും ഇതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും കൽക്കരി മന്ത്രാലയം വ്യക്തമാക്കി.

************************************

## KALAWASTHA

കേരളത്തിൽ കാലവർഷം ശക്തമായി. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശവുമുണ്ട്. വിവിധ ജില്ലകളിൽ മറ്റന്നാൾ അതിതീവ്ര മഴയ്ക്ക് സാധ്യതയുണ്ടെന്ന മുന്നറിയിപ്പിൻറെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജാഗ്രത കർശനമാക്കിയിരിക്കുകയാണ്. തിങ്കൾ വരെ കേരളം, കർണ്ണാടകം, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിക്കാൻ പോകരുത്. ശക്തമായ തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതള്ളതിനാൽ ബീച്ചിലേക്കുള്ള യാത്രയും കടലിൽ ഇറങ്ങിയുള്ള വിനോദവും പൂർണ്ണമായും ഒഴിവാക്കണമെന്നും

നിർദേശമുണ്ട്.

************************************

## DAY T20 WORLD CUP

ടി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് രാവിലെ നടന്ന മത്സരത്തിൽ ഓസ്ട്രേലിയ 28 റൺസിന് ബംഗ്ലാദേശിനെ പരാജയപ്പെടുത്തി. ബംഗ്ലാദേശ് നിശ്ചിത 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 140 റൺസെടുത്തിരുന്നു. മറുപടി ബാറ്റിംഗിനിറങ്ങിയ ഓസ്ട്രേലിയ 11.2 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 100 റൺസ് എടുത്ത് ഡക്ക്വർത്ത് ലൂയിസ് നിയമപ്രകാരം വിജയിക്കുകയായിരുന്നു. ഇന്നലെ നടന്ന സൂപ്പർ എട്ട് മത്സരത്തിൽ ഇന്ത്യ അഫ്ഗാനിസ്ഥാനെ 47 റൺസിന് പരാജയപ്പെടുത്തി. ഇന്ന് രാത്രി നടക്കുന്ന മത്സരത്തിൽ ഇംഗ്ലണ്ട് ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം.

**************************************

## COPA AMERICA

കോപ്പ അമേരിക്ക ഫുട്ബോളിൽ അർജൻറീനയ്ക്ക് വിജയത്തുടക്കം. മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്കാണ് അർജൻറീന കാനഡയെ തകർത്തത്. ഹൂലിയൻ അൽവാരസും, ലൗത്താരോ മാർട്ടിനസും അർജൻറീനയ്ക്ക് വേണ്ടി ഗോൾ നേടി. ന്യൂജഴ്സി സ്റ്റേഡിയത്തിൽ ആയിരുന്നു മത്സരം.

********************************************************

**************************************

*******************